**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1610** **03-02-2026 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ സർവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ ഏതൊക്കെ വില്ലേജുകളിൽ ഡിജിറ്റൽ സർവേ നടപടികൾ പൂർത്തിയായിട്ടുണ്ട്; വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ ഡിജിറ്റൽ സർവെ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ ബൈസൺവാലി വില്ലേജിന്റെ സർവെ അതിരടയാള നിയമപ്രകാരമുള്ള സെക്ഷൻ 9(2), സെക്ഷൻ (13) എന്നിവ പ്രസിദ്ധപ്പെടുത്തി റവന്യൂ ഭരണത്തിന് കൈമാറുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| (ബി) | ദേവികുളം താലൂക്കിലെ മുഴുവൻ വില്ലേജുകളിലും ഡിജിറ്റൽ സർവേ നടപടികൾ എത്ര കാലയളവിനുള്ളിൽ പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തെ 1550 വില്ലേജുകളിലെയും ഡിജിറ്റൽ സർവേ നടപടികൾ നാല്വ വർഷം കൊണ്ട് പൂർത്തിയാക്കുന്നതിനുള്ള ബൃഹത് പദ്ധതിയാണ് നിലവിൽ നടന്നുവരുന്നത്. ദേവികുളം താലൂക്കിലെ മുഴുവൻ വില്ലേജുകളിലെയും ഡിജിറ്റൽ സർവേ നടപടികൾ പ്രസ്തുത കാലയളവിനുള്ളിൽ പൂർത്തിയാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (സി) | ഡിജിറ്റൽ സർവേ നടത്തിയ വില്ലേജുകളിലെ പരാതികൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (സി) | ആദ്യഘട്ടം മുതൽ എല്ലാ നടപടികളും, ഏറ്റവും സുതാര്യമാക്കുക എന്ന ലക്ഷ്യത്തോടെ പൂർണ്ണമായും സോഫ്റ്റ്‌വെയർ അധിഷ്ഠിതമായും പൊതുജന പങ്കാളിത്തം ഉറപ്പാക്കിയുമാണ് ഡിജിറ്റൽ സർവേ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. ഡിജിറ്റൽ സർവേ ആരംഭിച്ചിട്ടുള്ള വിലേജുകളിൽ സർവെ സഭ, സർവേ ജാഗ്രതാ സമിതി എന്നിവയിലൂടെ കൃത്യമായ ബോധവൽക്കരണം ഭൂവുടമസ്ഥർക്ക് നൽകിയും, സർവെ സമയത്ത് ഭൂവുടമസ്ഥരുടെ സാന്നിധ്യത്തിന്റെ ആവശ്യം വിശദീകരിച്ച് നൽകിയുമാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ഇപ്രകാരം സർവെ നടത്തുന്ന അവസരത്തിൽ തന്നെ ഭൂവുടമസ്ഥരെ സർവെ റെക്കോർഡുകൾ കാണിച്ച് ബോധ്യപ്പെടുത്തുകയും, സർവെ പൂർത്തിയാകുന്ന മുറയ്ക്ക് സർവെ സംബന്ധിച്ച വിവരം പോർട്ടൽ മുഖേന ഭൂവടമസ്ഥർക്ക് ലഭ്യമാകുന്നതുമാണ്. |

| | | | |
|---|---|---|---|
| | | | കൂടാതെ, വിപുലമായ പ്രചാരണം നൽകി പ്രീ 9(2) ക്യാമ്പുകൾ സംഘടിപ്പിച്ച് റിക്കാർഡുകൾ എല്ലാ ഭൂവുടമസ്ഥരെ കൊണ്ടും പരിശോധിപ്പിക്കുന്നതിനുള്ള നടപടികളും പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. ടി നടപടികളിലൂടെ ഡിജിറ്റൽ സർവേയിൽ ഭൂപരാതികൾ ഗണ്യമായി കുറയ്ക്കാൻ സഹായകമായിട്ടുണ്ട്. ഡിജിറ്റൽ റീസർവെ പൂർത്തിയായ വില്ലേജുകളിൽ, '**എന്റെ ഭൂമി**' (Integrated Land Information Management System- ILIMS) സംയോജിത പോർട്ടൽ മുഖേന ഭൂരേഖകളിൽ കണ്ടെത്തുന്ന പിശകുകൾ അതിരുവ്യത്യാസങ്ങൾ, വിസ്തീർണ്ണ വ്യത്യാസങ്ങൾ, രേഖാ അപാകതകൾ തുടങ്ങിയവ സംബന്ധിച്ച് ഓൺലൈനായി LRM പരാതി രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ